**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വിളപ്പിൽ പഞ്ചായത്ത് ശാസ്താംപാറ ടൂറിസം പദ്ധതി ഓണം വാരാഘോഷം 2019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1961/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07/09/2019**

---

പരാമർശം:- 1. വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ 24/08/2019 ലെ A1-5046/19 നമ്പർ കത്ത്.

വിളപ്പിൽ പഞ്ചായത്തിലെ ശാസ്താംപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിൻറെ അംഗീകാരവും ചെലവധികാരവും ആവശ്യമായതിനാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപയും നേമം ബ്ലോക്ക് പഞ്ചായത്ത് സമീപ പഞ്ചായത്തുകളായ വിളവൂർക്കൽ മലയിൻകീഴ് കാട്ടാക്കട പള്ളിച്ചൽ ബാലരാമപുരം മാറനല്ലൂർ പൂവച്ചൽ വെള്ളനാട് അരുവിക്കര എന്നിവിടങ്ങളിൽ നിന്നും 15,000 രൂപ വീതവും സംഭാവന സ്വീകരിക്കാൻ അനുവദിച്ച് തരാൻ അഭ്യർഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡൻറ് സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിളപ്പിൽ പഞ്ചായത്തിലെ ശാസ്താംപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഓണം വാരാഘോഷം സംഘടിപ്പിക്കുന്നതിന് വിളപ്പിൽ പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയും നേമം ബ്ലോക്ക് പഞ്ചായത്ത്, സമീപ പഞ്ചായത്തുകളായ വിളവൂർക്കൽ, മലയിൻകീഴ്, കാട്ടാക്കട, പള്ളിച്ചൽ, ബാലരാമപുരം, മാറനല്ലൂർ, പൂവച്ചൽ, വെള്ളനാട്, അരുവിക്കര എന്നിവിടങ്ങളിൽ നിന്നും 15,000 രൂപ വീതവും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന സ്വീകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**RAJEEVE C R,**

**അണ്ടർ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

പ്രസിഡന്റ്/സെക്രട്ടറി, വിളപ്പിൽ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.